(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഉണ്ട്.

(ബി) വെള്ളപ്പൊക്കം, കൊടുങ്കാറ്റ്, ചുഴലിക്കാറ്റ്, കടൽക്ഷോഭം, ഉരുൾപൊട്ടൽ മുതലായ പ്രകൃതിക്ഷോഭം, കൊണ്ടുണ്ടാകുന്ന ദുരിതങ്ങൾക്ക് അടിയന്തിരമായി കൈകൊള്ളേണ്ട നടപടികളെ സംബന്ധിക്കുന്ന വ്യക്തമായ നിർദ്ദേശങ്ങൾ അടങ്ങുന്ന മാനുവൽ ഓൺ നാച്ചറൽ കലാമിറ്റീസ് ആൻഡ് ഡിസ്ട്രസ് റിലീഫ് എന്ന ഒരു പ്രസിദ്ധീകരണം നിലവിൽ ഉണ്ട്. അതിൽ അനുശാസിക്കുന്ന പ്രകാരം ജില്ലാ കളക്ടർമാർ, മറ്റു വകുപ്പു മേധാവികൾ മുതലായ ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥൻമാർക്കും അപ്പപ്പോൾ എടുക്കേണ്ട ദുരിതാശ്വാസ നടപടി എന്തെല്ലാമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ദൈനംദിനമുള്ള നാശനഷ്ടങ്ങൾ, ആശ്വാസം മുതലായവ ഗവൺമെന്റ് തലത്തിൽ റിപ്പോർട്ടു ചെയ്യുവാൻ ജില്ലാ തലത്തിൽ സംവിധാനമുണ്ട്. ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനുവേണ്ടി ജില്ലാകളക്ടർമാർക്ക് വ്യക്തവും കാര്യക്ഷമവുമായ നിർദ്ദേശങ്ങളടങ്ങുന്ന ഉത്തരവുകൾ നിലവിലുണ്ട്. അടിയന്തിര ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിലേക്ക് ദുരിതാശ്വാസ കമ്മറ്റികൾ സംസ്ഥാന തലത്തിലും ജില്ലാ തലങ്ങളിലും താലൂക്കടിസ്ഥാനത്തിലും ഇപ്പോഴത്തെ നിലവിലുണ്ട്.

പ്രകൃതിക്ഷോഭംമൂലം വീടു നഷ്ടപ്പെടുന്നവരെ മാറ്റി പാർപ്പിക്കുകയും അവർക്ക് ആഹാരം, വസ്ത്രം, വൈദ്യുതസഹായം നൽകുക, മരിച്ചവരുടെ ആശ്രിതർക്ക് സാമ്പത്തിക സഹായം നൽകുക മുതലായ അടിയന്തിര സ്വഭാവമുള്ള ആശ്വാസ പ്രവർത്തനങ്ങൾ നടത്തുവാൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കേരള ഖാദി—ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിലുള്ള നൂൽനൂൽപ്പ് നെയ്ത്തുതൊഴിലാളികൾ

* 442 [472] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഖാദി—ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിലുള്ള എല്ലാ നൂൽനൂൽപ്പ്—നെയ്ത്ത് കേന്ദ്രങ്ങളിലുമായി എത്ര തൊഴിലാളികൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവരിൽ നെയ്ത്തുകാർ, നൂൽനൂൽപ്പുകാർ എത്ര വീതമെന്ന് വെളിപ്പെടുത്തുമോ ;

(സി) നൂൽനൂൽപ്പുകാർക്ക് ശരാശരി ഒരുദിവസം എത്ര കൂലി ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ഡി) നൂൽനൂൽപ്പുതൊഴിലാളികൾക്ക് മിനിമം കൂലി ഏർപ്പെടുത്തുവാൻ വേണ്ടി മിനിമം വേജസ് ബോർഡ് രൂപീകരിക്കുമോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ) 8688 തൊഴിലാളികൾ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നൂൽപ്പുകാർ 6158
നെയ്ത്തുകാർ 1633
മറ്റുള്ളവർ 897

(സി) മസ്ലിൻ ചർക്കയിലെ നൂൽപ്പുകാരിക്ക് ശരാശരി ഒരുദിവസം 10 രൂപയും ന്യൂമോഡൽ ചർക്കയിലെ നൂൽപ്പുകാരിക്ക് ശരാശരി ഒരുദിവസം 7 രൂപയും ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ഡി) ഖാദി കമ്മീഷന്റെ കോസ്റ്റ് ചാർട്ട് അനുസരിച്ചാണ് നൂൽ നൂൽപ്പ് തൊഴിലാളികൾക്ക് ഇപ്പോൾ കൂലി കൊടുക്കുന്നത്. മിനിമം വേജസ് ബോർഡ് രൂപീകരിക്കുന്ന കാര്യം തൽക്കാലം ഗവൺമെന്റിന്റെ പരിഗണനയിൽ ഇല്ല.

കൃഷിഭൂമിയുടെ വിസ്തൃതി

* 443 [473] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള ഭൂനിയമമനുസരിച്ച് ഇവിടെ ഒരു വ്യക്തിക്കു സ്വന്തമായി നിലനിർത്താവുന്ന കൃഷിഭൂമിയുടെ വിസ്തൃതി എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) കൃഷിഭൂമിയുടെ പരിധി ഇനിയും കുറയ്ക്കുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) കേരള ഭൂപരിഷ്ക്കരണ നിയമത്തിലെ 82-ാം വകുപ്പുപ്രകാരം ഒരു വ്യക്തിക്ക് (ഏകാംഗ കുടുംബത്തിന്) സ്വന്തമായിവയ്ക്കാവുന്ന ഭൂമിയുടെ വിസ്തീർണ്ണം അഞ്ച് സ്റ്റാൻഡേർഡ് ഏക്കർ ആണ്. ഇത് സാധാരണ ഏക്കറിൽ കുറയുവാനോ ഏഴര സാധാരണ ഏക്കറിൽ കൂടുവാനോ പാടില്ല. കുടുംബത്തിന് ഇതിന്റെ ഇരട്ടിയാണ് പരിധി. കുടുംബാംഗങ്ങളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് ഭൂമിയുടെ പരിധിക്കും വ്യത്യാസം വരാം. എന്നാൽ ഒരു കുടുംബത്തിന് പരമാവധി 20 ഏക്കറിൽ കൂടുതൽ കൈവശം വയ്ക്കാൻ പാടില്ല.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

സ്ഥലനാമങ്ങൾ

* 444 [474] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സ്ഥലനാമങ്ങൾ മലയാളത്തിൽ ഉച്ചരിക്കുന്നതുപോലെതന്നെ ഇംഗ്ലീഷിലും എഴുതാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly